കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് – ഇ.എം.എസ് ഭവന പദ്ധതി–സമഗ്ര മാർഗ്ഗനിർദ്ദേശം–ബാങ്ക് അക്കൗണ്ടിൽ തുക നിക്ഷേപിക്കൽ – ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാ)നം: 1732/2010/തസ്വഭവ** **തിരുവനന്തപുരം, തീയതി: 24/5/2010**

---

**പരാമർശം:–** 1. 7/11/09–ലെ സ.ഉ (എം.എസ്) 207/09/തസ്വഭവ നമ്പർ ഉത്തരവ്

2. ധനകാര്യ വകുപ്പിന്റെ 14/4/10–ലെ 26217/ഡെവ2/10/ധന നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഇ.എം.എസ് ഭവന പദ്ധതിക്കുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശത്തിലെ ഖണ്ഡിക 16.2, 16.3 പ്രകാരം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിഡന്റിന്റെയും/ചെയർപേഴ്സന്റെയും/മേയറുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കേണ്ടതും വായ്പ തുകയും വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന തുകയും മേൽ അക്കൗണ്ടിൽ നിക്ഷേപിക്കാൻ അനുമതി നൽകുകയുമുണ്ടായി. എന്നാൽ ഖണ്ഡിക 16.5 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വായ്പയുടെ ഒന്നാം ഗഡു ലഭിച്ചതിന് ശേഷം മാത്രമേ മറ്റ് സ്രോതസ്സുകളിൽനിന്നുള്ള വിഹിതം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാൻ പാടുള്ളു എന്ന് നിഷ്കർഷിച്ചിരുന്നു. മേൽ നിബന്ധന ഇ.എം.എസ് ഭവന പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് പ്രതികൂലമായി ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.എം.എസ് ഭവന പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശം 16.2, 16.3 ഖണ്ഡികകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് വായ്പയുടെ ഒന്നാംഗഡു ലഭിച്ചതിനുശേഷം മാത്രമേ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വിഹിതം നിക്ഷേപിക്കാവൂ എന്ന നിബന്ധനയ്ക്ക് ഭാഗിക വ്യതിയാനം വരുത്തി വായ്പയുടെ ആദ്യ ഗഡു ലഭിച്ചില്ലെങ്കിലും ഇ.എം.എസ് ഭവന പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വിഹിതം നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ബി.സരസ്വതി അമ്മ

അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻ മാർക്കും
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻപ്രകാരം

(signature)

സെക്ഷൻ ഓഫീസർ